**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 114** **05-03-2018 ൽ മറുപടിക്ക്**

## സർക്കാർഭൂമി കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർഭൂമി വ്യാപകമായി കയ്യേറിയത് തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958, 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റങ്ങൾക്ക് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എ ഫോറം, ബി ഫോറം, സി. ഫോറം നോട്ടീസുകളും നടപടിക്രമവും നൽകി ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ (എൽ.ആർ) ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ ഭൂരേഖാ തഹസിൽദാർമാരുടെ നേതൃത്വത്തിലും സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിൽ വരുന്ന ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നുണ്ട്. കോടതിയുടെയും സർക്കാരിന്റെയും പരിഗണനയിലുള്ള കേസുകളൊഴികെ ബാക്കിയുള്ള എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 195.13.74 ഹെക്ടർ കൈയ്യേറ്റ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. |
| (ബി) സർക്കാർഭൂമി പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിട്ടുള്ളവർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഭൂമി ദുരുപയോഗം ചെയ്യുന്നതും അന്യാധീനപ്പെടുത്തുന്നതും തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാർഭൂമി പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിട്ടുള്ളവർ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് ഭൂമി ദുരുപയോഗം ചെയ്യുന്നതും അന്യാധീനപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് 1964, 1995 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പാട്ട കുടിശ്ശിക ഈടാക്കുന്നതിനും പാട്ട ഭൂമി തിരിച്ചെടുക്കുന്നതിനുമുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചും പാട്ടം റദ്ദ് ചെയ്യുന്ന |

കേസുകളിൽ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. പാട്ടം പുതുക്കുന്നതിന് ലഭിക്കുന്ന പ്രൊപ്പോസലുകളിൽ സ്ഥല പരിശോധന നടത്തി പാട്ട വ്യവസ്ഥകൾ ലംഘിക്കുന്നില്ലായെന്ന് ഉറപ്പു വരുത്താറുണ്ട്. പാട്ടകരാറിലെ വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച കേസുകളിൽ ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിന് താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.

<u>സമിതിയിലെ അംഗങ്ങൾ</u>

1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. സെക്രട്ടറി, നിയമ വകുപ്പ്
3. കമ്മീഷണർ ലാന്റ് റവന്യൂ, തിരുവനന്തപുരം
4. ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
5. സെക്രട്ടറി, ധനകാര്യവകുപ്പ്

(സി) സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിനും സാധാരണക്കാരുടെ ഭൂമി മാഫിയകൾ സംഘടിതമായി ഒഴിപ്പിക്കുന്നതും കയ്യേറുന്നതും തടയുന്നതിനുമുള്ള ലാൻഡ് ഗ്രാബിങ് (പ്രൊഹിബിഷൻ) ആക്ട് നടപ്പാക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തടയുന്നതിനും ലാന്റ് ഗ്രാബിങ് (പ്രൊഹിബിഷൻ) ആക്ട് നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു.

(ഡി) ഹാരിസൺ പ്ലാന്റേഷൻ കൈവശം വച്ചിരുന്ന തോട്ടം ഭൂമിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ ലാന്റ് റിസംപ്ഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ആകെ 7 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ മുൻഗാമി എന്നവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് (ഇംഗ്ലണ്ട്) ഭൂമി കൈവശം വച്ചിരുന്നു. അതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഭൂമി കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ആകെ 38,170.92 ഏക്കർ ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് കൊണ്ട്

സ്പെഷ്യൽ ഓഫീസർ 18 അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകളിൽ 2 എണ്ണത്തിൽ കെ.എൽ.സി നിയമ നടപടികൾ തുടരാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചതിനാൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ആര്യങ്കാവ് വില്ലേജിൽ നിന്നും 525 ഏക്കർ ഭൂമി സർക്കാറിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 37,645.92 ഏക്കർ സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകളുടെ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നതും ബഹു. ഡിവിഷൻ ബെഞ്ചിന്റെ സജീവ പരിഗണനയിലുമാണ്.

**സെക്ഷൻ ഓഫീസർ**